**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുൻ പഞ്ചായത്ത് ജനപ്രതിനിധികളുടെ തിരിച്ചറിയൽ കാർഡ് വിതരണം - സംസ്ഥാനതല ഉദ്ഘാടനം - കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം. 1039/2014/തസ്വഭവ തിരുവനന്തപുരം, തീയതി 26/04/2014.**

==========================================================

പരാമർശം:- 1. 28.2.2014-ലെ സ. ഉ. (സാധാ) 591/14/തസ്വഭവ നമ്പർ ഉത്തരവ്.

2. 23.4.2014-ലെ പഞ്ചായത്ത് ഡയറക്ടറുടെ ജി1.-15047/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പഞ്ചായത്തുകളിലെ മുൻ അധ്യക്ഷന്മാർക്കും അംഗങ്ങൾക്കും അതത് പഞ്ചായത്തുകൾ മുഖേന തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുവാൻ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം അനുവദിക്കുന്ന തിരിച്ചറിയൽ കാർഡ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 9.5.2014-ൽ കോഴിക്കോട് ജില്ലയിൽ നടത്തുന്നതാണെന്നും, പ്രസ്തുത ഉദ്ഘാടനചടങ്ങിന്റെ ചെലവുകൾ നേരിടുന്നതിനായി കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 500/- രൂപയിൽ കുറയാത്ത തുക ധനസഹായമായി ലഭ്യമാക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നും, പരാമർശം പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോടാവശ്യപ്പെട്ടു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. പഞ്ചായത്ത് മുൻ ജനപ്രതിനിധികൾക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനചെലവുകൾ നിർവ്വഹിക്കുന്നതിലേക്കായി കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനതുഫണ്ടിൽ നിന്നും അതത് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 500/- രൂപയിൽ കുറയാത്ത തുക ധനസഹായമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക പഞ്ചായത്തുകൾ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ തന്നെ നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എം.ഷാഹുൽ ഹമീദ്

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

സെക്രട്ടറി/പ്രസിഡന്റ്, ഗ്രാമപഞ്ചായത്തുകൾ (കോഴിക്കോട് ജില്ല)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ